ഓപ്പറേഷൻ സുരക്ഷ പദ്ധതി

267 (277) ശ്രീ. കെ. അച്ചുതൻ :

ശ്രീ. വർക്കല കഹാർ :

ശ്രീ. കെ. ശിവദാസൻ നായർ :

ശ്രീ. റ്റി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഓപ്പറേഷൻ സുരക്ഷ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ടെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) അക്രമികളെയും സാമൂഹ്യവിരുദ്ധരേയും ഗുണ്ടകളേയും അമർച്ചചെയ്ത് ജനങ്ങൾക്ക് സ്വൈര ജീവിതം ഉറപ്പുവരുത്തുന്നതിനുവേണ്ടിയാണ് ഓപ്പറേഷൻ സുരക്ഷ പദ്ധതി ആരംഭിച്ചിട്ടുള്ളത്. എല്ലാ ജില്ലകളിലും സ്ഥിരം കുറ്റവാളികൾക്കെതിരെ ഗുണ്ടാനിയമം അനുസരിച്ചുള്ള നടപടികൾ കർശനമാക്കുകയും ജില്ലകളിൽ മുമ്പ് അക്രമ സംഭവങ്ങളിലും സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങളിലും ഉൾപ്പെട്ടിട്ടുള്ള മുഴുവൻ വ്യക്തികളുടെയും ഇപ്പോഴത്തെ പ്രവർത്തനങ്ങൾ കൃത്യമായി നിരീക്ഷിച്ച് സമാധാന ജീവിതത്തിന് ഭീഷണിയാകുന്ന ആളുകളെ ഗുണ്ടാ നിയമത്തിന്റെ പരിധിയിൽ കൊണ്ടുവരികയും സ്ത്രീകൾക്കെതിരായ കുറ്റകൃത്യങ്ങൾ തടയുകയുമാണ് ഓപ്പറേഷൻ സുരക്ഷാ പദ്ധതിയുടെ പ്രധാന ലക്ഷ്യം.

(സി) സ്ഥിരം കുറ്റവാളികളെ പ്രത്യേകം നിരീക്ഷിക്കുന്നു. സ്ഥിരം കുറ്റവാളികൾ, മയക്കുമരുന്ന് ഉപയോഗിക്കുന്നവർ, വ്യാജമദ്യം വിപണനം ചെയ്യുന്നവർ, അനധികൃത വെടിമരുന്ന് ഉപയോഗിക്കുന്നവർ എന്നിവരെ കണ്ടെത്തുന്നതിനുവേണ്ടി നിരന്തരം പരിശോധനകൾ നടത്തുന്നുണ്ട്. സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവർക്കെതിരെയുള്ള നടപടികൾ വരുംദിവസങ്ങളിൽ കൂടുതൽ കർശനമാക്കുന്നതാണ്. ഇത്തരം പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവർക്കെതിരെയുള്ള പരാതികൾ 1090 എന്ന നമ്പരിൽ വിളിച്ചോ അതാത് ജില്ലാ പോലീസ് മേധാവിമാരെയോ അറിയിക്കാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly